LIBRARY ARCHIVES Kerala Legislative Assembly

തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിട പ്രവൃത്തി ആരംഭിക്കാൻ നടപടി

345 (1389) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിടത്തിന് ഭരണാനുമതി നൽകിയിട്ടും പ്രവൃത്തി ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്ക് ഹോസ്റ്റൽ ക്വാർട്ടേഴ്സ് കെട്ടിടങ്ങളുടെ ബാലൻസ് പ്രവൃത്തിക്ക് 7.23 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അടിയന്തരമായി തയ്യാറാക്കി സാങ്കേതികാനുമതി നൽകി, ടെണ്ടർ ചെയ്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്.

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ മരക്കളം കടവിൽ ഇത്തിക്കര ആറിന് കുറുകെ ഒരു ഫുട്ട് ബ്രിഡ്ജ്

346 (1390) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ മരക്കളം കടവിൽ ഇത്തിക്കര ആറിന് കുറുകെ ഒരു ഫുട്ട് ബ്രിഡ്ജ് നിർമ്മിക്കുന്നതിലേക്ക് നിർദ്ദേശം ലഭിച്ചിരുന്നുവോ ; എങ്കിൽ എന്നാണെന്നും എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്തത് എന്ത് കൊണ്ടാണ് ;

(സി) പാലത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3-9-2014-ലെ സ.ഉ. (സാധാ) നമ്പർ 1250/2014/പൊ.മ.വ. പ്രകാരം 2012-2013 വർഷത്തെ നിയോജക മണ്ഡല ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.